**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **05-12-2022 - ൽ മറുപടിയ്ക്ക്**

**ശ്രീ സുബ്രഹ്മണ്യന്റെ മകൾ ശ്രുതി മരണപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പറമ്പന്തളി ആനേടത്ത് വീട്ടിൽ ശ്രീ സുബ്രഹ്മണ്യന്റെ മകൾ ശ്രുതി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ക്രൈം നമ്പർ 84/സി.ബി./റ്റി.എസ്.ആർ/2020 പ്രകാരം ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (എ) | ശ്രുതി എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 15/2020 U/s 174 CrPC കേസ് , ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം 84/CB/TSR/2020 നമ്പറായി ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നതുമാണ്. ശ്രുതിയുടെ മരണകാരണം ഭർത്തൃ വീട്ടുകാരുടെ മാനസിക പീഡനത്തെത്തുടർന്നാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ഭർത്താവായ കിരണിനെ ഒന്നാം പ്രതിയായും ടിയാന്റെ അമ്മയായ ദ്രൗപതിയെ രണ്ടാം പ്രതിയായും ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നു. ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കേസിന്റെ അന്വേഷണത്തിലേയ്ക്ക് ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ ലഭിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ